# കാതോലിക്കാദിന പ്രാൎത്ഥന

*Typed, typesetter, Printed and Published Joykykutty, Detroit*

# കാതോലിക്കാദിനത്തിലെ പ്രാത്ഥന

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.
ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമെ.
വില കല്പിക്കാവതല്ലാത്ത തന്റെ സ്വന്ത രക്തത്താൽ വിലയ്ക്കുവാങ്ങിയിട്ടുള്ളതും സത്യവിശ്വാസമാകുന്ന പാറമേൽ പണിയപ്പെട്ടിരിക്കുന്നതും പാതാളഗോപുരങ്ങൾക്ക് എതിത്തു നിൽക്കാനാവാത്തതും പാപത്തിന്റേതും മരണത്തിന്റേയും മേൽ അധികാരം ലഭിച്ചിട്ടുള്ളതുമായ നിന്റെ വിശുദ്ധ സഭയ്ക്കു വേണ്ടി ദൈവമായ കത്താവേ, തന്നെ ഞങ്ങൾ സ്തോത്രം ചെയ്യുകയും തന്റെ കരുണയുടെ സന്നിധിധിയിൽ ഞങ്ങൾ അപേക്ഷയും പ്രാത്ഥനയും സമപ്പിക്കുകയും ചെയ്യുന്നു. ഈ സഭയിൽ നിന്ന് സകല കലഹങ്ങളേയും തക്കങ്ങളേയും നീക്കി സമാധാനത്തിന്റേയും സത്യത്തിന്റേയും ദൈവീക ആനന്ദത്തിന്റേയും ആത്മാവിനെ അതിൽ പുതുക്കി സ്വഗ്ഗീയ സേനകളോടൊത്തുള്ള ദിവ്യാരാധനയ്ക്ക് തന്റെ വിശുദ്ധ സഭയെ യോഗ്യതയുള്ളതാക്കിത്തീക്കണമെ. അങ്ങനെ ഞങ്ങൾ തനിക്കും തന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയുംസ്തോത്രവും സമപ്പിക്കും. ഇപ്പോഴുമെപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.

### കുക്കിലിയോൻ

(ബാക്കിനുദാക്കർ)

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ-ഹാലേ
ദ്വേഷികളെ മെതിച്ചീടും നിൻ-നാമത്തിൽ
വൈരികളിൽ നിന്നും കാത്തെങ്ങളെ നീ-ഹാലേ
ശത്രുക്കളെ ലജ്ജിപ്പിച്ചു-ബാറെക്മോർ
ശുബഹൊ-മെനഓലം

### എക്ബാ

(സ്ലീബോസ്ക്കോ സ്ലീബോസ്ക്കോ)

സ്ലീബാ വെന്നു വെല്ലുന്നു
സ്ലീബാ വിദ്വേഷിയെ വെന്നു
സ്ലീബായെ സാക്ഷിച്ചോക്ക്ായ്
സ്ലീബായാകട്ടെ കോട്ട
സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

നാമെല്ലാവരും ...... യാചിക്കണം.
അനുഗ്രഹിക്കുന്നവനായ കർത്താവേ.......
സ്തുതിയും സ്തോത്രവും.......
തന്റെ കൃപയാൽ മനുഷ്യരായ ഞങ്ങളെ ദൈവീകരാക്കി തീക്ക്ർവാൻ വേണ്ടി മനുഷ്യനായിത്തീന്ന് ദൈവവും, തന്റെ വാത്സല്യശിഷ്യനും ശ്ലീഹായുമായ പരിശുദ്ധ മാർത്തോമ്മായെ ഞങ്ങളുടെ രാജ്യത്തേക്കയച്ച്, മരണ നിഴലിൽ നിന്നും പ്രകാശത്തിലേക്ക് ഞങ്ങളെ കൊണ്ടു വരികയും പരിശുദ്ധ സഭയെ സ്ഥാപിച്ച് അതിൽ ഞങ്ങളേവരേയും ഉറപ്പിച്ച് ഇന്നേവരേയും ഞങ്ങളെ കാത്തു സൂക്ഷിക്കുകയും ചെയ്ത നല്ല ഇടയനുമായ കർത്താവിന് സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന നടത്തുന്ന ഈ സമയത്തും ...........

## സെദ്റാ

ലോകത്തിലെ വിവിധ വർഗ്ഗങ്ങളിൽ നിന്നും ജാതികളിൽ നിന്നും തന്റെ സത്യ സുവിശേഷം മൂലം വിളിച്ചു് വേർ തിരിച്ച് തന്റെ മണവാട്ടിയായ സത്യ സഭയെ തനിക്കായി ശ്രേഷ്ഠതപ്പെടുത്തി ഒരുക്കിയവനായ കർത്താവേ, ലോകമെങ്ങുമുള്ള മലങ്കര ഓർത്ത്ഡോക്സ് സഭയ്ക്കു വേണ്ടി ഞങ്ങൾ കർത്താവിനോട് അപേക്ഷിക്കുന്നു. എന്റെ കർത്താവും എന്റെ ദൈവവുമേ! എന്നാർത്തു വിളിച്ച്, ഉയിർത്തെഴുന്നേറ്റവനായ കർത്താവിലുള്ള വിശ്വാസത്തെ പൂർണ്ണമായി പ്രഖ്യാപിച്ച കർത്ത്വിന്റെ വാത്സല്യ ശിഷ്യനും ഞങ്ങളുടെ കാവൽ

പിതാവുമായ പരിശുദ്ധനായ മാത്തോമ്മാ ശ്ലീഹായെ ഇപ്പോൾ ഞങ്ങൾ പ്രത്യേകമായി ഓക്കുകയും ആ പിതാവിന്റെ മദ്ധ്യസ്ഥത യിൽ ആശ്രയിച്ചുകൊണ്ട് കത്ത്യ സന്നിധിയിൽ ഞങ്ങൾ അടുത്തു വരികയും ചെയ്യുന്നു. വിശ്വാസ വിപരീതത്തിന്റെയും പരദേശാക്രമ ണങ്ങളുടേയും കൊടുങ്കാറ്റിൽ നിന്നും ഈ സഭയെ ഇത്രയും നാൾ കത്ത്വ് കാത്തു സൂക്ഷിച്ച് സത്യവിശ്വാസത്താൽ ഞങ്ങളെ നിലനി റുത്തുന്നതിനായി കത്താവിനെ ഞങ്ങൾ സ്തോത്രംചെയ്യുന്നു.ഇപ്പോ ഴും കത്താവേ സഭയ്ക്കു നേരിട്ടുകൊണ്ടിരിക്കുന്ന ഉപദ്രവങ്ങളിൽ നി ന്നും അതിനെ കാത്തുകൊള്ളണമെ. സകല പൈശാചിക ശക്തി കളിൽ നിന്നും ദുഷ്ടമനുഷ്യരുടെ തിന്മകളിൽ നിന്നും കലഹത്തിന്റെ യും ഭിന്നതയുടെയും ആത്മാവിൽ നിന്നും കത്ത്യ സ്ലീബായുടെ ശ ക്തിയാൽ അതിനെ കാത്തു രക്ഷിച്ചുകൊള്ളണമെ. സത്യവിശ്വാസ ത്തിലും നീതിപ്രവത്തികളിലും അതിനെ പോഷിപ്പിക്കുകയും ചെ യ്യുമാറാകണമെ. വിശുദ്ധ സഭയിൽ നിരപ്പും സമാധനവും ഐക്യ തയും വാഴുമാറാകണമേ. ശ്ലൈഹിക സിംഹാസനത്തെയും സത്യ വിശ്വാസത്തെയും അതിൽ കാത്തുകൊള്ളുമാറാകണമെ. ഞങ്ങളു ടെ സഭയുടെ തലവനും നല്ല ഇടയനുമായ പരിശുദ്ധ കാതോലിക്കാ മോറോൻ മാർ ............................................................ കത്താവ് വി ജ്ഞാനവും ശക്തിയും ആയുസ്സും ആരോഗ്യവും നൽകി സഭയെ ശക്തി മാഗ്ത്തിൽ കൂടെ നടത്തുവാൻ പ്രാപ്തനാക്കിത്തീക്കണമെ. സഭയിലെ എല്ലാ മേല്പട്ടക്കാരേയും പ്രത്യേകിച്ച് ഞങ്ങളുടെ ഭദ്രാസന മെത്രാപ്പോലിത്തായായ ........
..................... യും കത്താവ് കരുണയോടെ അനുഗ്രഹിച്ച് ശക്തി പ്പെടുത്തണമെ. സഭയിലെ മറ്റു മെത്രാപ്പോലിത്തന്മാരേയും സകല വൈദീകഗണങ്ങളേയും ശക്തിയും കൃപയും നൽകി അനുഗ്രഹിക്കു മാറാകണമെ. ഇടവകയിലെ ആടുകളെ എല്ലാവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകണമെ. സകലവിധമായ തിന്മയിൽ നിന്നും അവരെ കാത്തുകൊള്ളണമെ. സഭയോട് മറുതലിക്കുന്നവക്ക് അ നുതാപ ഹൃദയം നൽകി അവരെ വീണ്ടു കൊള്ളണമെ.

കര്‍ത്താവേ, കലഹങ്ങളും ഭിന്നതകളും നീങ്ങി സമാധാനത്തിന്‍റേയും സ്നേഹത്തിന്‍റേയും ആത്മാവില്‍ സ്വര്‍ഗ്ഗത്തിലെ മാലാഖമാരുടെ ശബ്ദങ്ങളോടൊരുമിച്ച് ഐക്യമത്യത്തോടുകൂടെ ഞങ്ങളെല്ലാവരും കര്‍ത്താവിനെ സ്തുതിപ്പാന്‍ ഞങ്ങള്‍ക്ക് കൃപയരുളണമെ. ഞങ്ങളുടെ പാപങ്ങളുംഅകൃത്യങ്ങളും നിമിത്തം സഭയില്‍ വന്നുകൂടുന്ന കലഹങ്ങളേയും ഛിദ്രങ്ങളേയും മായിച്ചു കളയണമെ. താഴ്മയോടും അനുതാപഹൃദയത്തോടും തിരുമുമ്പാകെ നില്‍ക്കുവാനും കര്‍ത്താവിന്‍റെ അപ്രമേയമായ സ്നേഹത്തിന്‍റെ ശക്തിയാല്‍ ഞങ്ങളുടെ സകല പാപങ്ങളേയും കഴുകപ്പെട്ട് ഞങ്ങളെല്ലാവരും കര്‍ത്താവില്‍ ഒന്നായി തീരുവാനും കൃപ ചെയ്യണമെ. ഞങ്ങള്‍ കര്‍ത്താവിനും പിതാ പരിശുദ്ധ റൂഹായ്ക്കും.........

## കോലാകള്‍

1. ആഹ്വാനം ചെയ്യുന്നതവി-ക്കെത്തുക നാഥാ
   കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടന്‍ - വഞ്ചനയാല്‍
   ഭിന്നത നൃപവിധികര്‍ത്താക്കളി-ലവനുളവാക്കി
   ധാര്‍മ്മികരേയും വീഴിപ്പാന്‍ വഴിനോ-ക്കീടുന്നു
   കര്‍ത്താവേ- തന്‍ കരുണയിലെന്യേ
   സങ്കേതം-ഞങ്ങള്‍ക്കെങ്ങുള്ളു ദുഷ്ടനെ
   ഞങ്ങളില്‍ നിന്നോടിക്കുക തന്‍ സ്ലീബായാല്‍
   ബാറെക്മോര്‍-ശുബഹോ-മെനഓലം
2. പ്രാര്‍ത്ഥിപ്പിന്‍ ശ്ലീഹന്മാരേ- കര്‍ത്താവോടായ്
   ഭിന്നത സഭതന്‍ സന്താനങ്ങളി-ലില്ലാതാവാന്‍
   നിങ്ങളതില്‍ ചൊല്ലിയതാകും- വിശ്വാസത്തെ
   മായിച്ചിടുവാന്‍-ദുസ്സാക്ഷികരതിനെ-ച്ചുറ്റുന്നു
   സത്യമതാം-മൂശയിലാവചനം
   കനകംപോല്‍-ശോഭിച്ചീടട്ടെ
   വൈദികര്‍ വാഴ്ത്തും ശുദ്ധ സഭയ്ക്കുദയം ചേര്‍ത്തോനെ
   മൊറിയോറാഹേമേലയിനു ആദാറൊന്‍

# ഹൂത്തോമ്മാ

ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ, തനക്കു സ്തുതി. തനിക്കു സ്തുതി. തനിക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, തന്റെ കൃപയാലുംകരുണയാലും ഞങ്ങളുടെ നമസ്ക്കാസ്ക്കാരങ്ങൾ ചെവിക്കൊള്ളണമെ. ഞങ്ങളുടെ ശുശ്രൂഷകൾ കൈക്കൊള്ളണമെ. ഞങ്ങളുടെ സഹായത്തിനായി വരേണമെ. ഞങ്ങളുടെ ബലഹീനതയ്ക്കു് ഉത്തരമരുളണമെ. ഞങ്ങളെല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങൾ എന്നാളും ഉണ്ടായിരിക്കയും ചെയ്യണമെ. ഈ സഭയെ സ്നേഹിക്കുകയും അതിനു വേണ്ടി അദ്ധ്വാനിക്കുകയും അല്പമായോഅധികമായോ അതിനെ സഹായിക്കയും ചെയ്യുന്ന എല്ലാവരേയും കർത്താവ് വാഴ്ത്തി അനുഗ്രഹിക്കണമെ. അവരുടെ കുടുംബങ്ങളേയും അവരുടെ പ്രവർത്തനങ്ങളേയും വാഴ്ത്തണമേ അവരുടെ മരിച്ചുപോയവരെ സ്വർഗ്ഗീയ സൗഭാഗ്യങ്ങളിൽ വസിപ്പിക്കേണമേ. മോറാൻ വാലോഹാൻ ഒലമീൻ. ആമ്മീൻ

## അനുബന്ധം- IV

### കാതോലിക്കാദിന പ്രതിജ്ഞ

**ഞാൻ കർത്താവിന്റെ സഭയാകുന്ന / മലങ്കര ഓർത്ത്ഡോക്സ് സഭയിലെ അംഗമാകുന്നു. ഇൻഡ്യയിൽ ഈ സഭ സ്ഥാപിച്ചത് / കർത്താവിന്റെ ശിഷ്യനായ / മാർത്തോമ്മാശ്ലീഹായാണ് / സത്യവിശ്വാസം / ഭംഗം കൂടാതെ കാക്കുന്ന / എന്റെ സഭയുടെ / മഹത്തായ പാരമ്പര്യത്തിൽ / ഞാൻ അഭിമാനം കൊള്ളുന്നു. സഭയ്ക്ക് ദൈവം നൽകിയിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ / കാതോലിക്കാ സിംഹാസനത്തോടും അതിൽ വാണരുളുന്ന / പരിശുദ്ധ കാതോലിക്കാബാവാ മോറോൻ മാർ .................................. തിരുമേനിയോടും / ഇടവക മെത്രാപ്പോലീത്താ ............................ തിരുമേനിയോടും പരിശുദ്ധ സുന്നഹദോസിനോടും / സുന്നഹദോ സ് അംഗങ്ങളായ / എല്ലാ തിരുമേനിമാരോടും ഉള്ള ഭക്തിയും കൂറും / ഞാൻ ആവർത്തിച്ചുറപ്പിച്ച് പ്രഖ്യാപിക്കു ന്നു. ഞാൻ എന്റെ സഭയെ സ്നേഹിക്കുന്നു. ഞാൻ എന്റെ സഭയ്ക്കു വേണ്ടി പ്രവർത്തിക്കും / എന്തു ത്യാഗം സഹിച്ചും / ഞാൻ എന്റെ സഭയുടെ / അഖണ്ഡതയും സ്വാതന്ത്ര്യവും കാക്കും.**

**മാർത്തോമ്മാ സ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ.** (മൂന്നു പ്രാവശ്യം)

**ജയ്, ജയ് കാതോലിക്കോസ്** (മൂന്നു പ്രാവശ്യം)

## കാതോലിക്കാ മംഗള ഗാനം

മാത്തോമ്മാ സിംഹാസനത്തിൽ
ആരൂഢനാകും പിതാവേ!
കിഴക്കിന്റെയൊക്കെയും വന്ദ്യകാതോലിക്കാ
ആമോദമായ് വാഴ്ക നീണാൾ

നസറായനാമേശു ശിഷ്യക്ക് നൽകിയ
അതി ശ്രേഷ്ഠാചാര്യത്വം നൂറ്റാണ്ടുകൾ
കൈമറിഞ്ഞെത്തിയീ വന്ദ്യപിതാവിലാ
ദീപം കൊളുത്തിനി ആയിരമായ്......
ദീപം കൊളുത്തിനി ആയിരമായ്...... (മാത്തോമ്മാ)

പട്ടിണിപ്പാവങ്ങൾക്കെന്നും തുണയായി
രോഗികൾ ദുഃഖിതർക്കാലംബമായി
പതിനായിരങ്ങൾ തൻ മക്കൾക്കിടയനായി
ഐശര്യ സമ്പൂർണ്ണനായി വാഴ്ക
ഐശര്യ സമ്പൂർണ്ണനായി വാഴ്ക.......... (മാത്തോമ്മാ)

*Typed, typeset, Printed and Published by Joykykutty, Detroit*
**This is a Joykutty Publication**